"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്തെ ഫോർക്ക് ലിഫ്റ്റ് ട്രക്കിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 5 വർഷത്തെ AMC കരാർ പുതുക്കുന്നത് ഭരണാനുമതി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.861/2024/F&P    തീയതി,തിരുവനന്തപുരം, 09-12-2024

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29/11/2024 ലെ HOKMB-TVM/1658/2024-D1 (Tech) നമ്പർ കത്ത്

**ഉത്തരവ്**

ബേപ്പൂർ തുറമുഖത്തെ ഫോർക്ക് ലിഫ്റ്റ് ട്രക്കിന്റെ വാർഷിക അറ്റകുറ്റപ്പണി കൾക്കായി M/s Kiyon Pvt India Ltd, Pune എന്ന സ്ഥാപനവുമായി ഏർപ്പെട്ടിരുന്ന 5 വർഷത്തെ AMC കരാർ 17/08/2024-ൽ അവസാനിച്ചിരിക്കുന്നതിനാൽ അടുത്ത 5 വർഷത്തേക്കുള്ള AMC കരാർ പുതുക്കുന്നതിന് അംഗീകൃത സ്ഥാപനമായ M/s Sqaretech Equipment Ltd, Muvattupuzha ൽ നിന്നും ലഭ്യമായ 1,07,581/- രൂപയുടെ (91,171/-+ 16.410/- ജി.എസ്.ടി) എ.എം.സി ഓഫർ അംഗീകരിച്ച് അടുത്ത 5 വർഷത്തേക്കുള്ള AMC കരാർ പുതുക്കുന്നതിന് കോഴിക്കോട് തുറമുഖ ഓഫീസർ അറിയിച്ചിട്ടുള്ളതായും, സങ്കീർണ്ണമായ മെഷീനറികൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവക്ക് AMC കരാറിൽ ഏർപ്പെടണമെന്ന PWD Mannual 2915.2 വ്യവസ്ഥ പ്രകാരം പ്രസ്തുത സ്ഥാപനത്തിന്റെ ഓഫർ അംഗീകരിച്ച്, "5051-80-800-98-Augmentation of Workshop and Stores Organisation 19 Machineries and Equipments” എന്ന ശീർഷകത്തിൽ ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബേപ്പൂർ തുറമുഖത്തെ ഫോർക്ക് ലിഫ്റ്റ് ട്രക്കിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കായി അടുത്ത 5 വർഷത്തേക്കുള്ള AMC കരാർ പുതുക്കുന്നതിന് M/s Sqaretech Equipment Ltd, Muvattupuzha എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമായ 1,07,581/- (ഒരു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി എൺപത്തി ഒന്ന് രൂപ മാത്രം) രൂപയുടെ (91,171/-+ 16,410/- ജി.എസ്.ടി) എ.എം.സി ഓഫർ അംഗീകരിച്ച് "5051-80-800-98-Augmentation of Workshop and Stores Organisation 19 Machineries and Equipments ”

ശീർഷകത്തിൽ ഭരണാനുമതി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU V K**

അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
സെക്ഷൻ ഓഫീസർ
Date: 09-12-2024 15:48:55